## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3670 — 24.06.2014-ൽ മറുപടിയ്ക്ക്

# കെ. എസ്. ഇ. ബി. യുടെ കമ്പനിവൽക്കരണം

**ചോദ്യം**

ശ്രീ. മുല്ലക്കര രത്നാകരൻ :

കെ. എസ്. ഇ. ബി യുടെ കമ്പനി വൽക്കരണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

ഇലക്ട്രിസിറ്റി ആക്ട് 2003-ൽ നിലവിലുള്ള ഇലക്ട്രിസിറ്റി ബോർഡുകളെ പുനസംഘടിപ്പിക്കണമെന്ന് നിഷ്ക്കർഷിക്കുന്നു. ഇലക്ട്രിസിറ്റി ആക്ട് 2003 അനുശാസിക്കുന്ന പ്രകാരവും കേന്ദ്ര സർക്കാരിൻെറ നിർദ്ദേശങ്ങളനുസരിച്ചും സംസ്ഥാന വൈദ്യുതി ബോർഡിനെ പുന:സംഘടിപ്പിക്കാൻ കേരള സർക്കാർ 2008-ൽ തന്നെ തീരുമാനിച്ചിരുന്നു. ഇതനുസരിച്ച് കെ. എസ്. ഇ. ബിയുടെ മുഴുവൻ ആസ്തി ബാധ്യതകളും സർക്കാരിൽ നിക്ഷിപ്തമാക്കിക്കൊണ്ട് 2008 സെപ്തംബർ 25-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. വൈദ്യുതി ബോർഡിൻെറ ആസ്തി-ബാധ്യതകൾ സർക്കാരിൽ നിക്ഷിപ്തമാക്കിയതിനാൽ 1948-ലെ സപ്ളൈ ആക്ട് പ്രകാരമുള്ള ബോർഡ് ആയി തുടർന്ന് പ്രവർത്തിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ബോർഡിൻെറ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഒരു മാനേജിംഗ് കമ്മിറ്റിയെ 26-09-2008-ലെ ഉത്തരവിലൂടെ ചുമതലപ്പെടുത്തി. 25-09-2008-ലെ ഉത്തരവിലൂടെ സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ട ബോർഡിൻെറ ആസ്തി ബാധ്യതകൾ ഏറ്റെടുക്കുന്നതിലേയ്ക്കായി 1956-ലെ കമ്പനി നിയമത്തിൻ കീഴിൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനി 14-01-2011-ൽ രജിസ്റ്റർ ചെയ്തു. കമ്പനിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ 'സർട്ടിഫിക്കേറ്റ് ഓഫ് കമൻസ്മെൻറ് ഓഫ് ബിസിനസ്സ് ' എന്ന സാക്ഷിപത്രം രജിസ്ട്രാർ ഓഫ് കമ്പനീസിൽ നിന്നും 2013 ജൂൺ ആറിന് ലഭിച്ചു.

കെ. എസ്.ഇ. ബിയുടെ പുന:സംഘടനയ്ക്കുള്ള പഠനം നടത്തുന്നതിന് കേന്ദ്ര ഗവൺമെൻറ് സ്ഥാപനമായ പി. എഫ്. സി. കൺസൽട്ടിംഗ് ലിമിറ്റഡിനെയാണ് ചുമതലപ്പെടുത്തിയിരുന്നത് അവർ തയ്യാറാക്കിത്തന്ന കൈമാററ പദ്ധതി സർക്കാരിൻെറ ബന്ധപ്പെട്ട വകുപ്പുകളിൽ വിശദമായ പരിശോധനകൾക്ക് വിധേയമാക്കി. ഇക്കാര്യങ്ങളെ സംബന്ധിച്ച് ജീവന-

ക്കാർക്കുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനായി ജീവനക്കാരുടെ സംഘടനകളുമായി ബോർഡ് തലത്തിലും വൈദ്യുതി വകുപ്പു മന്ത്രിയുടെ നേതൃത്വത്തിലും ബഹുമാനപ്പെട്ട മുഖ്യ മന്ത്രിയുടെ നേതൃത്വത്തിലും പല ഘട്ടങ്ങളിലായി ചർച്ചകൾ നടത്തുകയുണ്ടായി. അതിന്റെയൊക്കെ അടിസ്ഥാനത്തിലും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ വൈദ്യുതി ബോർഡ് പുന:സംഘടിപ്പിക്കുന്നതിന് സർക്കാരുകൾ പുറപ്പെടുവിച്ച ഉത്തരവുകളുടെ മാതൃകകൾ കൂടി പരിഗണിച്ചുമാണ് കെ. എസ്. ഇ. ബിയുടെ ആസ്തി-ബാദ്ധ്യതകൾ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനിയിലേയ്ക്ക് പുനർ നിക്ഷിപ്തമാക്കിക്കൊണ്ട് 2013 ഒക്ടോബർ മാസം 31-ാം തീയതി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചത്. ഈ വിജ്ഞാപനത്തിലെ കൈമാറ്റ പദ്ധതി, "കേരള ഇലക്ട്രിസിറ്റി സെക്കൻറ് ട്രാൻസ്ഫർ സ്കീം (റീ-വെസ്റ്റിംഗ്), 2013 " എന്നാണ് അറിയപ്പെടുക. ബോർഡിന്റെ ആസ്തി-ബാധ്യതകൾ പുന:ക്രമീകരിക്കുനതിനും ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംരക്ഷിക്കുന്നതിനും നിലവിലുള്ള ജീവനക്കാരുടെയും പെൻഷൻകാരുടെയും പെൻഷൻ ആനുകൂല്യങ്ങൾ തുടർന്നും നൽകുന്നതിനും ആവശ്യമായ വ്യവസ്ഥകൾ ഈ ട്രാൻസ്ഫർ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംഘടനകളുടെ ആവശ്യം പരിഗണിച്ചും ഗവൺമെന്റ് തലത്തിൽ സംഘടനകളുമായി നടത്തിയ വിശദമായ ചർച്ചകളുടെ അടിസ്ഥാനത്തിലും ചില മാറ്റങ്ങൾ വരുത്തി രണ്ടാം കൈമാറ്റ പദ്ധതിയുടെ ഭേദഗതി വിജ്ഞാപനങ്ങൾ 11.04.2014, 27.05.2014 എന്നീ തീയതികളിൽ സർക്കാർ പുറത്തിറക്കിയിട്ടുണ്ട്. ഇതിനു പുറമെ, ജീവനക്കാരുടെ ആശങ്കകൾ ദൂരീകരിക്കുന്നതിന് സർക്കാരും കമ്പനിയും ജീവനക്കാരുടെ സംഘടനകളുമായി ഒരു ത്രികക്ഷികരാർ ഒപ്പുവയ്ക്കുന്നതാണ്. ഈ ത്രികക്ഷി കരാർ 11-04-2014-ലെ രണ്ടാം കൈമാറ്റ പദ്ധതി (ഭേദഗതി) വിജ്ഞാപനത്തിൽത്തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.